# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3929** **15.03.2017-ൽ മറുപടിക്ക്**

കൂടംകുളം പദ്ധതിയിൽ നിന്ന് വൈദ്യുതി

| | ചോദ്യം<br>ശ്രീ.സി. ദിവാകരൻ | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | കൂടംകുളം പദ്ധതിയിൽ നിന്ന് വൈദ്യുതി എത്തിക്കുന്നതിൽ നേരിടുന്ന തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | കൂടംകുളം പദ്ധതിയിൽ നിന്ന് വൈദ്യുതി എത്തിക്കുന്നതിനുള്ള തിരുനെൽവേലി-ഇടമൺ-കൊച്ചി ലൈൻ നിർമ്മിക്കുന്നതിനെതിരെ കൊല്ലം. പത്തനംതിട്ട, കോട്ടയം ജില്ലകളിലുള്ള സ്ഥലമുടമകൾ ഉയർത്തുന്ന ശക്തമായ പ്രതിഷേധം പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നുണ്ട്. |
| (ബി) | വൈദ്യുതി ലൈൻ സ്ഥാപിക്കുന്നതിന് ഭൂമിയുടമസ്ഥന്റെ അനുമതി ആവശ്യമില്ലെന്ന സുപ്രീം കോടതിയുടെ സമീപകാല വിധിന്യായം, കൂടംകുളം പദ്ധതിയിൽ നിന്ന് സംസ്ഥാനത്ത് വൈദ്യുതി എത്തിക്കുന്നതിന് സഹായകരമാവും എന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ? | (ബി) | ഉണ്ട്. ലൈൻ നിർമ്മിക്കുന്നതിന് ഭൂമിയുടമസ്ഥന്റെ അനുമതി ആവശ്യമില്ലെന്ന സുപ്രീം കോടതിയുടെ സമീപകാല വിധിന്യായം, കൂടംകുളം പദ്ധതിയിൽ നിന്ന് സംസ്ഥാനത്ത് വൈദ്യുതി എത്തിക്കുന്നതിന് വേണ്ട ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏറെ സഹായകരമാകും. ആയതിലേക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പ്രത്യേക സാമ്പത്തിക പാക്കേജ് അനുസരിച്ചുള്ള നഷ്ട പരിഹാരം ജില്ലാ കളക്ടറേറ്റുകളിൽ നിന്നും ബന്ധപ്പെട്ട ഭൂവുടമകൾക്ക് നൽകി തുടങ്ങിയിട്ടുണ്ട്. |

[signature]

**സെക്ഷൻ ഓഫീസർ**